# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.3594 15.07.2015-ൽ മറുപടിയ്ക്ക്**

## തോട്ടുമുഖം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ.സി.രവീന്ദ്രനാഥ്: | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) പുതുക്കാട് മണ്ഡലത്തിലെ തോട്ടുമുഖം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) പ്രസ്തുത പ്രവർത്തനംആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ;വിശദമാക്കാമോ; | (എ)&(ബി)<br><br>ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തോട്ടുമുഖം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയ്ക്ക് **2004**ൽ **5** കോടി രൂപയ്ക്ക് ഭരണാനുമതി നല്കുകയും കനാലിന്റെ പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. എന്നാൽ പിന്നീട് കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രസ്തുത പ്രവൃത്തി അവസാനിപ്പിക്കേണ്ടതായി വന്നു. സർക്കാർ ഉത്തരവ് (സാധാ) നം.**520/2014**/ഡബ്ല്യു.ആർ.ഡി തീയതി **22/05/2014** പ്രകാരം **11.18** കോടി രൂപയ്ക്ക് റിവൈസ്ഡ് ഭരണാനുമതി നല്കിയിട്ടുണ്ട്. ബാലൻസ് പ്രവൃത്തികൾക്ക് **10.17** കോടി രൂപയ്ക്ക് സാങ്കേതികാനുമതിയും നല്കിയിട്ടുണ്ട്.<br><br>ബാലൻസ് പ്രവൃത്തികളിൽ സിവിൽ പ്രവൃത്തികൾ ടെണ്ടർ ചെയ്ത് ആരംഭിക്കുവാനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇലക്ട്രിക്കൽ പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് ലഭ്യമല്ലാത്തതിനാൽ പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് തടസ്സം നേരിടുന്നു. |

| | | | |
|---|---|---|---|
| (സി) | തടസ്സം നീക്കി പദ്ധതി പ്രവർത്തനം എന്ന് ആരംഭിക്കും എന്ന് വിശദമാക്കാമോ? | (സി) | ബാലൻസ് പ്രവൃത്തികൾ, ഇലക്ട്രിക്കൽ പ്രവൃത്തികൾ ഉൾപ്പെടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി ആരംഭിച്ച് എത്രയും പെട്ടന്ന് തന്നെ പൂർത്തീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**